"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- ആലപ്പുഴ ജില്ലയിലെ പറവൂർ ട്വയിൻ ടിസ്റ്റിങ് യൂണിറ്റിന്റെ നിർമാണം പൂർത്തിയാക്കാൻ മത്സ്യഫെഡിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച 4 കോടി രൂപ അനുവദിക്കുന്നതിലേക്കായി സർക്കാർ ഉത്തരവ് പുതുക്കിയും, പ്രസ്തുത തുക 2405-00-800-96-00-00-00-P-V ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.362/2026/F&P തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-

1. സ.ഉ (സാധാ)നം.1018/2019/മതുവ തീയതി: 27/12/2019
2. സ.ഉ (സാധാ)നം.197/2021/മതുവ തീയതി : 25/03/2021
3. സ.ഉ (സാധാ)നം.148/2026/മതുവ തീയതി : 23/02/2026
4. ഫിഷറീസ് ഡയറക്ടറുടെ 08/05/2026-ലെ DFTVM/978/2020-F3 നമ്പർ കത്ത്.
5. സ.ഉ (സാധാ)നം.5028/2026/ധന തീയതി: 17/06/2026

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ പറവൂർ ട്വയിൻ ട്വിസ്റ്റിങ് യൂണിറ്റ് ആരംഭിക്കുന്നതിന് 2019-2020 സാമ്പത്തിക വർഷം 2405-00-103-76 (P) എന്ന ശീർഷകത്തിൽ 550 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 2405-00-103-76 (P) ശീർഷകത്തിൽ നിന്നും 2405-00-800-96 (P) ശീർഷകത്തിലേക്കു 4 കോടി രൂപ റീ-അപ്രോപ്രിയേഷൻ നടത്തി ഒരു കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. തുടർന്ന്, ടി സ്ഥലത്ത് ട്വയിൻ ട്വിസ്റ്റിങ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനായി ബാക്കി തുക മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നു കുടി ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കി പദ്ധതി ഉദ്ഘാടനം നിർവഹിച്ചു.

2) മത്സ്യഫെഡ് തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച് 4 കോടി രൂപ 2405-00-800-96-00-00-00-P-V ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, പ്രസ്തുത തുക ഫിഷറീസ് ഡയറക്ടർ മത്സ്യഫെഡിന് അനുവദിച്ചു ഉത്തരവായിരുന്നുവെങ്കിലും, ഫണ്ട് മത്സ്യഫെഡ്-ന്റെ PSTSB അക്കൗണ്ടിൽ ക്രെഡിറ്റ് ആയത് 31/03/2026-ന് ആണെന്നും, 2025-26 സാമ്പത്തിക വർഷം അവസാനിച്ചതിനാൽ ടി തുക സർക്കാർ Resume ചെയ്യുകയുണ്ടായതായും ഫിഷറീസ് ഡയറക്ടർ പരാമർശം (5) റിപ്പോർട്ട് ചെയ്തു. ആയതിനാൽ മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച നാല് കോടി രൂപ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പറവൂർ ട്വയിൻ ടിസ്റ്റിങ് യൂണിറ്റിന്റെ നിർമാണം പൂർത്തിയാക്കാൻ മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 4 കോടി രൂപ തിരികെ അനുവദിച്ച് പരാമർശം (3) സർക്കാർ ഉത്തരവ് പുതുക്കി ഉത്തരവാകുന്നു. കൂടാതെ പരാമർശം (5) പ്രകാരം 2405-00-800-96-00-00-00-P-V ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച 4 കോടി രൂപ റിലീസ് ചെയ്യുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ (പി.യു-സി) വകുപ്പ് (3082810/PU-C4/50/2025/FIN തീയതി 22/06/2026 പ്രകാരം)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ (സി2/144/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 30-06-2026 10:13:54